**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **30.01.2018-ൽ മറുപടിക്ക്**
**ചോദ്യം നം. 1496**

## മത്സ്യബന്ധനത്തിനായി പോകുന്നവരുടെ സുരക്ഷ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ഡോ.എം. കെ. മുനീർ<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>,, പാറക്കൽ അബ്ദുല്ല<br>,, എൻ. ഷംസുദ്ദീൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കടലിൽ മത്സ്യബന്ധനത്തിനായി പോകുന്നവരുടെ സുരക്ഷ വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കടലിൽ മത്സ്യബന്ധനത്തിനായി പോകുന്നവരുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് വേണ്ടി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടുമ്പോൾ രക്ഷപ്പെടുന്നതിന് സഹായകമായ ലൈഫ് ജാക്കറ്റ്, റേഡിയോ ബീക്കൺ എന്നിവ അടങ്ങിയ സുരക്ഷാ കിറ്റ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനങ്ങളെ കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ ISRO വികസിപ്പിച്ചെടുത്ത 'നാവിക്' ഉപകരണം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അതിവേഗം പുരോഗമിച്ചു വരുന്നു. 1500 കി. മീ. അകലെ വരെ ഉപകരണത്തിന്റെ സഹായത്താൽ സന്ദേശങ്ങൾ എത്തിക്കാൻ കഴിയും. കാലാവസ്ഥാ മുന്നറിയിപ്പുകൾ, മത്സ്യലഭ്യത എന്നിവ മത്സ്യത്തൊഴിലാളികളിൽ നേരിട്ട് എത്തിക്കുന്നതിന് INCOIS - മായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് കരയിലെത്തിക്കുന്നതിന് സഹായകമായ മറൈൻ ആംബുലൻസ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. മറൈൻ എൻഫോഴ്‌മെന്റിന്റെ നേതൃത്വത്തിൽ കടൽ രക്ഷാപ്രവർത്തനങ്ങളും കടൽ പട്രോളിംഗും നടത്തുന്നുണ്ട്. മത്സ്യബന്ധനത്തിന് പോകുന്ന സമയത്തും തിരിച്ച് കരയിലെത്തുന്ന സമയത്തും മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | സംവിധാനം NIC യുടെ സഹായത്തോടെ വികസിപ്പിച്ചിട്ടുണ്ട്. അത് ഉടൻ നടപ്പാക്കുന്നതാണ്. |
| (ബി) | അപകട സാധ്യത സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനുള്ള സംവിധാനം വിശദമാക്കുമോ? | (ബി) | നിലവിൽ അപകട സാദ്ധ്യത സംബന്ധിച്ച വിവരങ്ങൾ ഫിഷറീസ് സ്റ്റേഷനുകൾ വഴിയും, തീരദേശ ജാഗ്രതാസമിതികൾ വഴിയും മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനങ്ങളും മറ്റും മത്സ്യ ത്തൊഴിലാളികളെ മുൻകൂട്ടി അറിയിക്കുന്നതിന് സഹായകമായ 'നാവിക്' ഉപകരണം ISRO വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് മത്സ്യബന്ധന യാനങ്ങളിൽ ഘടിപ്പിക്കുന്നതോടെ മത്സ്യത്തൊഴിലാളികൾക്ക് ഉപഗ്രഹ സഹായത്തോടെ സന്ദേശങ്ങൾ അപ്പപ്പോൾ ലഭ്യമാകും. ഇതുകൂടാതെ മത്സ്യ ത്തൊഴിലാളികളുടെ ലഭ്യമായ മൊബൈൽ നമ്പറുകൾ ഇൻകോയിസിസ് കൈമാറിയിട്ടുണ്ട്. ഇൻകോയിസ് ഈ മൊബൈൽ നമ്പറുകളിലേയ്ക്ക് കാലാവസ്ഥാ മുന്നറിയിപ്പുകൾ ലഭ്യമാകും. |

സെക്ഷൻ ഓഫീസർ